


# ST. GREGORIOS INDIAN ORTHODOX CHURCH

*(Gregorian Pilgrim Centre)*

**SNEHAMANNA | JULY 2025 | VOL. 160 | PARISH BULLETIN**





Private Circulation Only


P.O. Box : 3156, Fujairah, UAE

Tel.: 09-2225300 | E-mail: sgiocf@gmail.com | www.orthodoxchurchfujairah.com

# തോമൂസ് – ജൂലൈ

3. X വി. മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ. (നിറം 8)
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 216-ാം ഓർമ്മ. (കോലഞ്ചേരി പള്ളി).
6. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായർ.** (നിറം 3). മിഷൻ സൺഡേ.
7. സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 28-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 252-ാം ഓർമ്മ. (മുളന്തുരുത്തി പള്ളി).
11. കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ *മലങ്കര സഭാ തേജസ്* പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 116-ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി).
12. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 4-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന).
13. **പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായർ.** (നിറം 4).
15. മാർ കുറിയാക്കോസ് സഹദായുടെയും, മാതാവ് മർത്ത് യൂലിത്തിയുടെയും, നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
20. **പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ.** (നിറം 5).
    മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ. (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. **പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ.** (നിറം 6).
    മാർ ശെമവൂൻ ദെസ്തൂനോയോയുടെ ഓർമ്മ.
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 739-ാം ഓർമ്മ.



**H.H. Baselios Marthoma Paulose II**
8th Catholicos of the East in Malankara (2010-2021)



ദൈവതിരുനാമം മഹത്വപ്പെടട്ടെ.

"എന്റെ കർത്താവും എന്റെ ദൈവവുമേ"

ഭാരതമണ്ണിലേക്ക് രക്ഷയുടെ സുവിശേഷവുമായി എത്തിയ ക്രിസ്തു ശിഷ്യനാണ് പ.തോമാശ്ലീഹാ.AD. 7 2 . ൽ തമിഴ്നാട്ടിലെ മൈലാപൂരിൽ വച്ച് കുന്തം കൊണ്ട് കുത്തേറ്റ് രക്ഷസാക്ഷിത്വ മരണം വരിച്ച പ.തോമാശ്ലീഹായുടെ തിരുശേഷിപ്പ് ജൂലൈ മാസം മൂന്നാം തീയതി എഡേസ്സായിലേക്ക് കൊണ്ടുപോയി. ആ പരിശുദ്ധന്റെ ഓർമ്മദിന പെരുന്നാളാണ് നാം കൊണ്ടാടുന്നത്.

പ.തോമാശ്ലീഹായുടെ ജീവിതത്തിന്റെ ഏടുകളിലേക്ക് കണ്ണോടിക്കുമ്പോൾ ആ പരിശുദ്ധന്റെ ദൈവസ്നേഹവും, ധൈര്യവും, അടിയുറച്ച വിശ്വാസവും നമുക്ക് തിരിച്ചറിയു വാൻ സാധിക്കും.

ഒന്നാമതായി, യേശുവിനുവേണ്ടി, ഗുരുവിനുവേണ്ടി മരിക്കുവാനുള്ള ധൈര്യം വെളിപ്പെടുത്തിയ ഒരു ശിഷ്യൻ.

“ നമുക്കും അവനോടു കൂടി പോയി മരിക്കാം" എന്നു പറഞ്ഞ് മറ്റു ശിഷ്യന്മാരെ കൂടി ഗുരുവിനുവേണ്ടി മരിക്കുവാൻ പോലും തയ്യാറാക്കിയ/ധൈര്യം പകർന്ന യേശുവിന്റെ ധീരനായ ഉത്തമ ശിഷ്യനാണ് പ.തോമാശ്ലീഹാ. തന്നോടൊപ്പം സത്യത്തിന്റെയും ജീവന്റെയും വഴി തിരഞ്ഞെടുക്കുവാൻ ഏവരെയും പ്രേരിപ്പിക്കുന്ന വിശ്വസ്ത ശിഷ്യൻ.

രണ്ടാമതായി, പന്ത്രണ്ടു ശിഷ്യന്മാരിൽ യേശുവിനെ ഏറ്റവും സ്നേഹിച്ച ഒരു ശിഷ്യനായിരുന്നു പ.തോമാശ്ലീഹാ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ഒരു നോക്കു കാണുവാനുള്ള അതിയായ ആഗ്രഹം, ഒരുപക്ഷേ അവിശ്വാസം എന്ന് നാം കരുതുന്നുവെങ്കിലും അത് വിശ്വാസത്തിന്റെ ആഴമായിരുന്നു.

തന്റെ കൂടെയുള്ള ശിഷ്യഗണത്തിന് ലഭിച്ച ഭാഗ്യം, ഉയിർത്തെഴുന്നേറ്റ ഗുരുവിനെ കാണുവാനുള്ള ഭാഗ്യം  തനിക്കും ലഭിക്കണമെന്ന അതിയായ ആഗ്രഹം. ആ ആഗ്രഹത്തിനു വഴങ്ങുന്ന യേശുവിനെയാണ് നാം കാണുന്നത്. തന്റെ മുറിവേറ്റ ആണിപ്പാടുകൾ ദർശിക്കുവാനുള്ള ഭാഗ്യം ആ ശിഷ്യനു ഗുരു പകർന്നു നൽകുന്നു. എന്നാൽ ആ സന്ദർഭത്തിൽ ഹൃദയം നുറുങ്ങിയ വേദനയോടു കൂടി, സന്തോഷത്തിന്റെ മൂർത്തിഭാവത്തിൽ ആ അടിയുറച്ച വിശ്വാസം തന്റെ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന വിളിയിൽ ഗുരുവിനു സമർപ്പിക്കുന്നു.

ഭാരതമണ്ണിൽ വിശ്വാസത്തിന്റെ ദീപശിഖ പകർന്ന നമ്മുടെ പിതാവായ തോമാശ്ലീഹായുടെ ധൈര്യവും, വിശ്വാസവും, ദൈവസ്നേഹവും ക്രിസ്തീയ ജീവിതത്തിൽ നമുക്കും പകർത്താം. ആ പരിശുദ്ധന്റെ ഓർമ്മ, ഹൃദയം പിളർന്ന ആ നിലവിളി "എന്റെ കർത്താവും എന്റെ ദൈവവുമേ",ആ അടിയുറച്ച വിശ്വാസം തലമുറകൾക്ക് മാർഗ്ഗദീപമായി തീരട്ടെ.

പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

**സ്നേഹത്തോടെ**
**സന്തോഷച്ചൻ**



MMVS Zonal secretary's visit - Adv.Mrs.Jain Arun



കർത്താവായ യേശുക്രിസ്തുവിന്റെ
അതിപരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ

കർത്താവിൽ പ്രിയരേ..

ഫുജൈറയുടെ ഈ മണലാരണ്യത്തിൽ UAE ലെ മറ്റു ഇടവകകളോടൊപ്പം തലയുയർത്തി നിൽക്കുന്ന നമ്മുടെ ഇടവക ദൈവകൃപയാൽ അനേകായിരങ്ങൾക്ക് കാരുണ്യവും ആശ്രയവുമായി അനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2023ൽ ഇടവകയുടെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ബാംഗ്ലൂർ മൈസൂർ മിഷനിലെ ഭിന്നശേഷിക്കാരായ 20 പെൺകുട്ടികളുടെ ഒരു വർഷത്തെ പഠനത്തിനാവശ്യമായ ധനസഹായം നൽകുവാൻ ആരംഭിക്കുകയും 2024ൽ തുടർന്ന് നൽകുകയും ചെയ്തു
2025ൽ 22-ാം വാർഷികത്തോടനുബന്ധിച്ച് അംഗവൈകല്യമുള്ള പെൺകുട്ടികൾക്കായുള്ള ധനസഹായം സീനിയർ മെമ്പറായ Mr. ബാബു വി കോശി നൽകുകയും ഇടവകയുടെ പൂർവ്വകാല ചരിത്രത്തെപറ്റി സംസാരിക്കുകയും ചെയ്തു. ഇടവകയിലെ ഉദാരമതികളായ അംഗങ്ങളുടെ കരുതലും സ്നേഹവും സാഹോദര്യവും കൊണ്ട് 30ൽ പരം പെൺകുട്ടികൾക്ക് പഠനസഹായം നൽകുവാൻ സാധിച്ചു. “എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു” .St matthew 25:40
നമ്മുടെ പ്രാർത്ഥനകളും, സജീവ പങ്കാളിത്തവുമാണ് ഈ കുട്ടികളുടെ ജീവിതത്തിൽ നന്മയുടെ പ്രകാശമായി മാറിയത്.ഇതിൽ പങ്കാളികളായ ഇടവകയിലെ ഓരോരുത്തരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.
നന്മ ചെയ്യാനുള്ള നമ്മുടെ മനസ്സിനും സേവനത്തിനും ദൈവം നമ്മെ മുപ്പതും അറുപതും നൂറും മേനിയായി സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**സുജ മേരി റെജു**
പാരിഷ് ഡേ കൺവീനർ

# 22nd Parish Consecration Day
## Mysore Mission support program



## വിവാഹ മംഗളാശംസകൾ...



*Sachin Saji Cheriyan & Neenu Stanly*

# Pentecost Sunday
## (June 8th- 2025)





## Church Library Inauguration
## (June 29th- 2025)





Sunday School 12th exam passed with A+ Ms Seyon Ann Shibu

# Congratulations

## Sunday School 12th Class



SEYON ANN SHIBU



NEHAL SUSAN THOMAS



ALLEN MATHEW PHILIP



ARRON MATHEW SABU

## Sunday School 10th Class



DIYA SHAJI




SHARON ELSA BIJI



ANN HELEN VINU



SUJO SAM BIJU



ANNA ELIZABETH GINISH



MELVIN JOY



ASHLYN ALEX



JOHAN SHILOY VARGHESE



LIBIN MINU THOMAS



NATHANIEL SHAJI



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ വിതരണം 2025 ജൂൺ 15 ഞായർ പള്ളിയിൽ വച്ച് നടത്തി.

---

## ആരാധന സമയം

**എല്ലാ ദിവസങ്ങളിലും**

07.00 AM പ്രഭാത നമസ്കാരം
12.30 PM ഉച്ച നമസ്കാരം
07.00 PM സന്ധ്യാ നമസ്കാരം

**ചൊവ്വാഴ്ച്ചകളിൽ**

07.00 PM സന്ധ്യാ നമസ്കാരം, വി.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന.

**ശനിയാഴ്ച്ചകളിൽ**

07.00 PM സന്ധ്യാ നമസ്കാരം, പ.പരുമല തിരുമേനിയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന.

**ഞായർ ദിവസങ്ങളിൽ**

07.00 AM പ്രഭാത നമസ്കാരവും വിശുദ്ധ കുർബ്ബാനയും.




## ഏലിയാമ്മ മാത്യു

(കുഞ്ഞുമോൾ–85)

തോട്ടത്തിൽ ചിറമേൽ, പേരിശ്ശേരി, ചെങ്ങന്നൂർ

Mother of Philip T. M. (P007)
Passed away on 06-06-2025
Funeral on 10-06-2025

# OBITUARY



**Aleyamma Mathew** (85 years)
**Mother of Philip T. Mathew**
passed away

Heartfelt Condolences from
**St. Gregorios Indian Orthodox Church,**
Fujairah. May his Soul RIP



**Mr Y.Oommen Panicker** (76years)
**Father in law of Mr. Santhosh Philip**
passed away at Kerala..

Heartfelt Condolences from
**St. Gregorios Indian Orthodox Church,**
Fujairah. May his Soul RIP



**Mrs. Aleyamma George** (81 years)
**Mother of Dr. Jobby George**
passed away at Kalloopara, Kerala.

Heartfelt Condolences from
**St. Gregorios Indian Orthodox Church,**
Fujairah. May his Soul RIP



**Sri Ittyavara Varghese** (89 years)
**Father-in-law of Mr. Joymon**
passed away

Heartfelt Condolences from
**St. Gregorios Indian Orthodox Church,**
Fujairah. May his Soul RIP



## PRAYER MEETING

| | | |
|---|---|---|
| St. George | 6th July | Mr. Aju C J & Family |
| St. Gregorios | 12th July | Mr. Binu Mathew & Family |
| St. Thomas | 26th July | Mr. Suresh Kuriakose & Family |

## Marth Mariam Vanitha Samajam

July 6th conference room

New Member



Noble James


Vicar: Rev. Fr. Santhosh Samuel
Mob.: +971 50 324 0502
Tel.: 09 222 53 00

Broadcast Number : +971 50 324 0502

Trustee : 050 548 4415
Secretary : 055 412 9023
Care Taker : 050 6784447
Manna Co-ordinators
Joymon Peedikayil : 050 191 0529
Binu Koshy